# ശ്രീലങ്കയിലും മൗറീഷ്യസിലും UPI സേവനങ്ങൾക്ക് തുടക്കം കുറിക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രിയും ശ്രീലങ്കൻ പ്രസിഡന്റും മൗറീഷ്യസ് പ്രധാനമന്ത്രിയും

ഫെബ്രുവരി 11, 2024

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും ശ്രീലങ്കൻ പ്രസിഡന്റ് ശ്രീ. റെനിൽ വിക്രമസിംഗെയും മൗറീഷ്യസ് പ്രധാനമന്ത്രി ശ്രീ. പ്രവിന്ദ് ജുഗ്നോതും ശ്രീലങ്കയിലും മൗറീഷ്യസിലും യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (UPI) സേവനങ്ങളും മൗറീഷ്യസിൽ റുപ്പെ കാർഡ് സേവനങ്ങളും ആരംഭിക്കുന്ന ചടങ്ങിൽ വീഡിയോ കോൺഫറൻസിലൂടെ പങ്കെടുക്കും. 2024 ഫെബ്രുവരി 12-ന് 1 പിഎമ്മിനാണ് ആണ് സേവനങ്ങൾക്ക് ഔദ്യോഗികമായി തുടക്കമാവുക.

ഫിൻടെക്ക് ഇന്നവേഷനിലും ഡിജിറ്റൽ പബ്ലിക്ക് അടിസ്ഥാനസൗകര്യത്തിലും മുൻനിരയിലാണ് ഇന്ത്യ. പങ്കാളിത്ത രാജ്യങ്ങളുമായി വികസന അനുഭവങ്ങളും നൂതന സംവിധാനങ്ങളും പങ്കിടുന്നതിലുള്ള താൽപ്പര്യം പ്രധാനമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ശ്രീലങ്കയും മൗറീഷ്യസുമായി ഇന്ത്യയ്ക്കുള്ള സാംസ്കാരികവും ജനങ്ങൾ തമ്മിലുമുള്ള ബന്ധങ്ങൾ കണക്കിലെടുക്കുമ്പോൾ, സേവനങ്ങൾ വലിയൊരു വിഭാഗം ആളുകൾക്ക് അതിവേഗത്തിലുള്ള ഡിജിറ്റൽ ഇടപാടിനും രാജ്യങ്ങൾ തമ്മിലുള്ള ഡിജിറ്റൽ കണക്റ്റിവിറ്റിക്കും സൗകര്യമൊരുക്കും.

ശ്രീലങ്കയും മൗറീഷ്യസും സന്ദർശിക്കുന്ന ഇന്ത്യൻ പൗരന്മാർക്കും ഇന്ത്യ സന്ദർശിക്കുന്ന മൗറീഷ്യസ് പൗരന്മാർക്കും UPI സെറ്റിൽമെന്റ് സേവനങ്ങൾ ഉപയോഗിക്കാൻ കഴിയും. മൗറീഷ്യസിൽ റുപ്പെ കാർഡ് സേവനങ്ങൾ ആരംഭിക്കുന്നത് റുപ്പെ സംവിധാനമുള്ള കാർഡുകൾ ഇഷ്യൂ ചെയ്യാൻ മൗറീഷ്യസ് ബാങ്കുകളെ പ്രാപ്തമാക്കുകയും ഇന്ത്യയിലെയും മൗറീഷ്യസിലെയും ഇടപാടുകൾക്ക് റുപ്പെ കാർഡ് ഉപയോഗിക്കാൻ സൗകര്യം നൽകുകയും ചെയ്യും.

**ന്യൂഡൽഹി**
**ഫെബ്രുവരി 11, 2024**